## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **21.06.2019 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 3849**

### വ്യവസായ അടിസ്ഥാന സൗകര്യ വികസനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിന് ബൃഹത് പദ്ധതികൾ കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിന് ബൃഹദ് പദ്ധതികളായി നിലവിലുള്ള വ്യവസായ വികസന ഏരിയ / പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും, ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം,പി.പി.പി. മാതൃകയിലുള്ള വ്യവസായ വികസനം, സ്വകാര്യ പാർക്കുകൾക്കുള്ള അനുമതി, വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികൾ നിലവിലുണ്ട്.<br><br>കിൻഫ്രയുടെ അധീനതയിലുള്ള 24 വ്യവസായ പാർക്കുകളിൽ സംരംഭകർക്ക് വിവിധ സംരംഭങ്ങൾ ആരംഭിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട് കൂടാതെ ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി പുതിയ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്ത് അടിസ്ഥാനസൗകര്യ വികസനത്തിനായി കെ.എസ്.ഐ.ഡി.സി. വിഭാവനം ചെയ്തിരിക്കുന്ന രണ്ട് പദ്ധതികളാണ് എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കും, തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കും.<br><br>ഇതുകൂടാതെ സംസ്ഥാനത്ത് വ്യവസായ അടിസ്ഥാന സൗകര്യത്തിനായി കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴിയായി പ്രഖ്യാപിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ |

| | | | |
|---|---|---|---|
| | | | പാലക്കാട് വരെയുള്ള പ്രദേശം ഹൈടെക് ഇടനാഴിയാക്കുന്നതിനും വേണ്ടി കേന്ദ്ര സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്. |
| ബി) | ഏതൊക്കെ ജില്ലകളിലാണ് ഇക്കാര്യത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; എത്ര കോടി രൂപയാണ് ഈ മേഖലയിൽ മുടക്കുന്നത്; | (ബി) (സി) & (ഡി) | വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വ്യവസായ അടിസ്ഥാന സൗകര്യ വികസനപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, കാസർഗോഡ് ജില്ലയിലെ അനന്തപുരം, മടിക്കൈ, കണ്ണൂർ ജില്ലയിലെ ആന്തൂർ, എറണാകുളം ജില്ലയിലെ ആലുവ തുടങ്ങിയ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രസ്തുത തുക വകയിരുത്തിയിട്ടുണ്ട്.ബഹുനില വ്യവസായ സമുച്ചയം എന്ന പദ്ധതിക്കായി 29.79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴക്കൽപ്പാടത്ത് രണ്ടാം ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ആലപ്പുഴ പുന്നപ്രയിൽ ഒരു ബഹുനില സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരത്ത് കൊച്ചുവേളിയിലും, പാലക്കാട് ഷൊർണ്ണൂരിലും, ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. പി.പി.പി മാതൃകയിലുള്ള വ്യവസായ വികസനത്തിന് 10.5 കോടിയും വിവിധോദ്ദേശ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾക്ക് ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, എറണാകുളം ജില്ലയിലെ ആമ്പല്ലൂരിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഏകദേശം 510 കോടി രൂപയാണ് ഇതിന് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി 117 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനായി സ്ഥലം ഏറ്റെടുക്കുന്നതിനും ആവശ്യമായ തുക മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പ്രോജക്ട്സ് (എം.ഐ.ഡി.പി) യിൽ നിന്നും മറ്റു സ്വകാര്യ നിക്ഷേപകരിൽ നിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇക്കാര്യത്തിനായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ആരുവഴിയാണ് ഭൂമി ഏറ്റെടുക്കുന്നതെന്നും വ്യക്തമാക്കുമോ; | | |
| (ഡി) | ഇതിന് ആവശ്യമായ പണം എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | കെ.എസ്.ഐ.ഡി.സി വഴി നടപ്പിലാക്കുന്ന ലൈഫ് സയൻസ് പാർക്ക് ഒന്നാം ഘട്ടത്തിനായി 75 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ഏകദേശം 259 കോടി രൂപ മുതൽ മുടക്കി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ തുക കിഫ്ബി വഴി കണ്ടെത്താനാണുദ്ദേശിക്കുന്നത്.<br><br>വ്യവസായ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് കിൻഫ്ര ഒരു ലാന്റ് ബാങ്ക് സ്ഥാപിക്കുന്ന കാര്യം വിഭാവനം ചെയ്തിട്ടുണ്ട്. |
| **(ഇ)** | ഏറ്റെടുക്കുന്ന ഭൂമി സ്വകാര്യ പദ്ധതികൾക്കായി ലഭ്യമാക്കുമോ; എങ്കിൽ ഏതൊക്കെ വ്യവസായങ്ങൾക്കാണ് മുൻഗണന നൽകുന്നത്; വ്യക്തമാക്കുമോ? | **(ഇ)** | ലഭ്യമാക്കും. പരിസ്ഥിതിയ്ക്ക് ഇണങ്ങുന്നതും, മലിനീകരണം കുറഞ്ഞതും കൂടുതൽ തൊഴിലവസരങ്ങൾ ഉള്ളതും നിക്ഷേപ സാധ്യത ഉള്ളതും ആയ വ്യവസായങ്ങൾക്കാണ് മുൻഗണന നല്കുന്നത്. |

**സെക്ഷൻ ഓഫീസർ**